(സി) സ്പെയർപാർട്ട്സുകളുടെ അഭാവംമൂലം സർവ്വീസ് ക്യാൻസലേഷൻ ഉണ്ടാകാതിരിക്കാൻ വേണ്ടത്ര ജാഗ്രത കെ.എസ്.ആർ.ടി.സി. പുലർത്തുന്നുണ്ട്.

പട്ടാമ്പി കെ.എസ്.ആർടി.സി. ബസ്സ്റ്റേഷൻ

67 (1266) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി കെ. എസ്. ആർ. ടി. സി. ബസ്സ്റ്റേഷൻ നിർത്തൽ ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബസ് സ്റ്റേഷൻ വീണ്ടു പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്ന നടപടികളുടെ ഭാഗമായി മറ്റു പല സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ നിർത്തലാക്കിയ കൂട്ടത്തിൽ പട്ടാമ്പി സ്റ്റേഷൻ മാസ്റ്റർ ഓഫീസും നിർത്തൽ ചെയ്യുകയുണ്ടായി.

(ബി) ഈ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർത്തലാക്കിയെങ്കിലും, അത് സർവ്വീസ് ഓപ്പറേഷനെ ബാധിച്ചിട്ടില്ല. ഈ ഓഫീസ് പുനരാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ചാലക്കുടി ഡിപ്പോയിൽ നിന്ന് റദ്ദുചെയ്ത ഷെഡ്യൂളുകൾ

68 (1267) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഡിപ്പോയിൽ നിന്നും പുറപ്പെടുന്ന എത്ര ഷെഡ്യൂളുകൾ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റദ്ദു ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഷെഡ്യൂളുകൾ റദ്ദു ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) അവ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 3 ഷെഡ്യൂളുകൾ

(ബി) ഓപ്പറേറ്റ് ചെയ്യപ്പെടാതെ രേഖകളിൽ മാത്രം നിലനിറുത്തി പോന്നിരുന്ന രണ്ട് ഷെഡ്യൂളുകളും തുടർച്ചയായി നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്ന ഒരു ഷെഡ്യൂളുമാണ് റദ്ദു ചെയ്തത്.

(സി) ഈ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly